Malappuram District Police

# സൈബർ ഹവാല തട്ടിപ്പ് കേസ് : പ്രധാനിയായ നൈജീരിയൻ സ്വദേശിയെ മഞ്ചേരി പോലീസ് ഡൽഹിയില് നിന്നും അറസ്റ്റ് ചെയ്തു.

**മഞ്ചേരി: (15.02.2019)**

വിവിധ രീതികളിലുള്ള ഓൺലൈന് സാമ്പത്തിക തട്ടിപ്പുകളും ഹവാലയുമടക്കം നിരവധി കേസുകളിൽ ഉൾപ്പെട്ട നൈജീരിയ ഒഗൂണ് സ്റ്റേറ്റ് സ്വദേശിയായ ഒച്ചുബ കിങ്സ്ലി ഉഗോണ്ണ എന്ന കിങ്സ്റ്റൺ ഡുബെ (35 വയസ്സ്) എന്നയാളെയാണ് മഞ്ചേരി പോലീസ് കഴിഞ്ഞ ദിവസം പുലർച്ചെ ഡൽഹി കക്രോലയില് നിന്നും അറസ്റ്റ് ചെയ്തത്.

സൈബർ കുറ്റവാളികളെ പിടികൂടാന് മഞ്ചേരി പോലീസ് സൈബര് ഫോറൻസിക് ടീം നടത്തുന്ന ഓപ്പറേഷനിലൂടെയാണ് പ്രതി പിടിയിലായത്.

- ലക്ഷക്കണക്കിന് വിദേശ കറൻസി സമ്മാനമടിച്ചെന്ന് തെറ്റിദ്ധരിപ്പിച്ച് SMS അയക്കുകയും, അത് ലഭിക്കുന്നതിനായി സെക്യൂരിറ്റി, ഇൻഷുറൻസ് തുടങ്ങിയ ആവശ്യങ്ങൾക്കെന്ന് വിശ്വസിപ്പിച്ച് പല അക്കൗണ്ടുകളിലേക്ക് പണം നിക്ഷേപിപ്പിക്കുക,
- രാജ്യത്തിനകത്തും പുറത്തും വിവിധ ജോലികൾ വാഗ്ദാനം നൽകി ഓൺലൈനിൽ പരസ്യം നൽകുകയും ബന്ധപ്പെടുന്നവരോട് പ്രൊസസിങ്ങ്, ക്ലിയറൻസ് എന്നിങ്ങനെ പറഞ്ഞ് പണം നിക്ഷേപിപ്പിക്കുക,
- വിദേശ പുരുഷൻമാരുടെയും സ്ത്രീകളുടെയും ഫോട്ടോകൾ ഉപയോഗിച്ച് വിദേശികളുടെ പേരിൽ വ്യാജ ഫേസ് ബുക്ക് പ്രൊഫൈലുകൾ സൃഷ്ടിച്ച് മറ്റുള്ളവരുടെ ഫേസ്ബുക്കിലേക്ക് ഫ്രണ്ട് റിക്വസ്റ്റ് അയച്ച് വ്യാജ സൗഹൃദവും പ്രണയവും സ്ഥാപിച്ചെടുക്കുകയും ഇതിൽ വീഴുന്ന ആളുകളെ കാണാൻ ഇന്ത്യയിലേക്ക് വരുമ്പോൾ എയർപോർട്ടിൽ പിടിച്ചുവെച്ചിരിക്കുന്നുവെന്ന് പറഞ്ഞും രക്ഷപ്പെടാൻ സഹായം അഭ്യർത്ഥിച്ചും അതിനായി പല പേരിൽ പല അക്കൌണ്ടുകളിലേക്ക് പണം നിക്ഷേപിപ്പിക്കുക,
- Apple i Pad, Lap top, protein powder, diamond ornaments തുടങ്ങി വിവിധ സാധനങ്ങൾ കുറഞ്ഞവിലക്ക് ലഭ്യമെന്ന് ഇന്റർ നെറ്റിൽ പരസ്യം ചെയ്ത് അതിനായി ബന്ധപ്പെടുന്നവരെ പല അക്കൗണ്ടുകളിലേക്കും പണം നിക്ഷേപിപ്പിച്ച് പണം കൈക്കലാക്കുക,
- പല കാര്യങ്ങളുടെ പേരിൽ ബാങ്ക് അക്കൗണ്ട് ഹോൾഡർമാരെ ഫോണിൽ വിളിച്ച് ATM കാർഡ് നമ്പർ, OTP നമ്പർ എന്നിവ ചോദിച്ച് വാങ്ങി അതുപയോഗിച്ച് പണം തട്ടുക,
- വിവിധ ഓൺലൈന് പരസ്യ വെബ്സൈറ്റുകള് നിരന്തരം നിരീക്ഷിക്കുന്ന പ്രതികൾ വിവിധ സാധനങ്ങള് വാങ്ങാനെന്ന മട്ടില് വ്യാജമായി തയ്യാറാക്കിയ നമ്പറുകൾ ഉപയോഗിച്ച് വാട്ട്സാപ്പ് മുതലായ മെസേജിംഗ് ആപ്ലിക്കേഷൻ ഉപയോഗിച്ച് ആളുകളെ ബന്ധപ്പെടുന്ന സംഘം ബന്ധുക്കൾക്ക് ഗിഫ്റ്റ് കൊടുക്കാനാണെന്നും മറ്റും പറഞ്ഞ് സാധനം അയച്ച് കൊടുക്കാൻ പറയുകയും കൊറിയര്

ചെയ്ത ശേഷം പണം നിങ്ങളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫര് ചെയ്ത് തരാം എന്നും മറ്റും വാഗ്ദാനം ചെയ്ത് ഏതെങ്കിലും വിലാസം കൊടുക്കും. ഇത് വിശ്വസിച്ച് സാധനം അയച്ച് കൊടുക്കുന്ന ആളുകൾക്ക് പണം ട്രാൻസ്ഫര് ചെയ്യുന്നതിനുള്ള വിവിധ ചാർജുകളെന്ന പേരില് അവര് നൽകുന്ന അക്കൌണ്ടുകളിലേക്ക് പണം ട്രാൻസ്ഫര് ചെയ്യിപ്പിക്കുക,

- ആളുകളുടെ വിലാസങ്ങൾ സംഘടിപ്പിച്ച് ആഭരണങ്ങള്, മൊബൈല് ഫോൺ, തുടങ്ങി വിവിധ വസ്തുക്കളാണെന്ന വ്യാജേന VPP മുഖേന സാധനങ്ങൾ അയക്കുകയും 2000 രൂപ മുതല് 4000 രൂപ വരെ ചാർജ് കൈക്കലാക്കുക,
- കടലാസ് ഡോളറാക്കുന്ന രാസലായനി വില്പന,
- തുടങ്ങി വ്യാജ വെബ്സൈറ്റുകളുണ്ടാക്കിയും ഹാക്കിംഗിലൂടെയും മൊബൈൽ ആപ്ലിക്കേഷനുകളും സിം സ്വാപ്പിംങ്ങും എടിഎം ക്ലോണിംഗും മുതലായ വിവിധ മാർഗ്ഗങ്ങള് ഉപയോഗിച്ചും സാമ്പത്തിക കുറ്റകൃത്യങ്ങൾ ചെയ്യുന്ന സംഘത്തിലെ പ്രധാനിയാണ് ഇപ്പോള് അറസ്റ്റിലായത്.

നൈജീരിയക്കാരനായ ഇയാൾ സൌത്ത് ആഫ്രിക്കയുടേതെന്ന വ്യാജേന കൃത്രിമമായി ഉണ്ടാക്കിയ പാസ്പോർട്ടും വിസയും ഉപയോഗിച്ചാണ് ഇന്ത്യയിൽ താമസിച്ചിരുന്നത്.

സൈബർ & ഹവാല കേസുകളിൽ വ്യാപൃതനായ പ്രതിയെ സംബന്ധിച്ച സൂചനകൾ ലഭിച്ചതിനെ തുടർന്ന് ഡൽഹിയിലെത്തിയ പോലീസ് സംഘം പ്രതിയുടെ താമസസ്ഥലം രഹസ്യമായി ലൊക്കേറ്റ് ചെയ്ത ശേഷം പിറ്റേ ദിവസം പുലർച്ചെ നടത്തിയ ഓപ്പറേഷനിലൂടെ അതിസാഹസികമായാണ് പ്രതിയെ കീഴ്പെടുത്താനായത്.

ഇതോടെ ഓൺലൈന് തട്ടിപ്പ് കേസില് മഞ്ചേരി പോലീസ് സ്റ്റേഷനില് കഴിഞ്ഞ ഏഴ് മാസത്തിനിടെ അറസ്റ്റ് ചെയ്യുന്ന പ്രതികളുടെ എണ്ണം ഒമ്പതായി.

പ്രതിയിൽ നിന്നും തട്ടിപ്പിനുപയോഗിക്കുകയായിരുന്ന മൊബൈല് ഫോണുകള്, സിം കാർഡുകള്, റൂട്ടറുകള്, ലാപ്ടോപ്പുകള് തുടങ്ങി നിരവധി സാധനങ്ങള് പിടിച്ചെടുത്തിട്ടുണ്ട്.

കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ഇടപാടുകൾ പ്രതി മുഖേന നടത്തിയതായും പഞ്ചാബ്, മധ്യപ്രദേശ്, ഗുജറാത്ത്, തെലങ്കാന തുടങ്ങി ഇതര സംസ്ഥാനങ്ങളിലുള്ളവരും, മറ്റ് രാജ്യക്കാരും തട്ടിപ്പിനിരയായിട്ടുണ്ടെന്നും സൂചനകൾ ലഭിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലാ പോലീസ് മേധാവി പ്രതീഷ് കുമാറിന്റെ നിർദ്ദേശപ്രകാരം ഡി.വൈ.എസ്.പി ജലീൽ തോട്ടത്തില്, സിഐ എൻ.ബി. ഷൈജു, എസ്ഐ ജലീൽ കറുത്തേടത്ത് എന്നിവരുടെ മേൽനോട്ടത്തിൽ സൈബർ ഫോറൻസിക് ടീം അംഗം എൻ.എം. അബ്ദുല്ല ബാബു, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷന് ടീം അംഗങ്ങളായ കെ.പി. അബ്ദുൽ അസീസ്, ഹരിലാൽ, ലിജിന് എന്നിവരാണ് ഡൽഹിയില് നിന്നും പ്രതിയെ അറസ്റ്റ് ചെയ്തത്.